# കേരള സർവകലാശാല

നം. പി.ആർ.152/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി രജിസ്ട്രേഷൻ : അവസാന തീയതി ആഗസ്റ്റ് 25

കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേക്കുള്ള പി.ജി പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ ആഗസ്റ്റ് 25 വൈകുന്നേരം അഞ്ച് മണിവരെ സമർപ്പിക്കാം.

ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചവർ അവരുടെ കൈവശമുള്ള അപേക്ഷയുടെ പ്രിന്റൗട്ട് സൂക്ഷ്മമായി പരിശോധിക്കണം. എന്തെങ്കിലും തിരുത്തലുകൾ വരുത്തുവാനുണ്ടെങ്കിൽ ആഗസ്റ്റ് 25 വൈകുന്നേരം അഞ്ച് മണിക്കകം തിരുത്തണം. പുതിയ പ്രിന്റൗട്ട് തുടർന്നുള്ള ആവശ്യങ്ങൾക്കായി സൂക്ഷിക്കണം. അപേക്ഷയിൽ തെറ്റ് വന്നാൽ വിദ്യാർത്ഥികളുടെ പ്രവേശനത്തെ അത് പ്രതികൂലമായി ബാധിക്കും.

### വനിത/പുരുഷ ഹോസ്റ്റൽ പ്രവേശനം : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തൈക്കാട് വനിതാ ഹോസ്റ്റൽ പ്രവേശനത്തിന് പഠനവകുപ്പുകളിലേയും സർവകലാശാലയുടെ കീഴിൽ വരുന്ന ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലേയും ബി.എഡ്, എം.എഡ് വിദ്യാർത്ഥിനികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

കാര്യവട്ടം കാമ്പസിലെ വനിത/പുരുഷ ഹോസ്റ്റൽ പ്രവേശനത്തിന് പഠനവകുപ്പുകളിലെ ഒന്നാം വർഷ പി.ജി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ബി.എ സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 26-ന്

കേരള സർവകലാശാല വർക്കല, കൊല്ലം, കുണ്ടറ, പുനലൂർ, അടൂർ, ആലപ്പുഴ എന്നിവിടങ്ങളിലെ യു.ഐ.എം-കളിൽ എം.ബി.എ (ഫുൾടൈം) കോഴ്സ് പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. KMAT/CAT/MAT/CMAT സ്കോർ ഉള്ളവർ ആഗസ്റ്റ് 26 രാവിലെ 10 മണിയ്ക്ക് അതത് പ്രിൻസിപ്പൽ (യു.ഐ.എം) മുമ്പാകെ ഹാജരാകണം.

കാര്യവട്ടം ഐ.എം.കെ-യിൽ എം.ബി.എ (ടൂറിസം-സി.എസ്.എസ്), എം.ബി.എ (ഈവനിംഗ്-റഗുലർ) കോഴ്സ് പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. KMAT/CAT/MAT/CMAT സ്കോർ ഉള്ളവർ ആഗസ്റ്റ് 26 രാവിലെ 10 മണിയ്ക്ക് ഐ.എം.കെ വകുപ്പ് മേധാവിക്ക് മുമ്പാകെ ഹാജരാകണം

### സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം കമ്മ്യൂണിക്കേഷൻ & ജേർണലിസം പഠനവകുപ്പിൽ എം.സി.ജെ കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 20 വൈകുന്നേരം നാല് മണിക്കകം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം വകുപ്പുമായി ബന്ധപ്പെടുക. ഫോൺ. 0471-2308013, 9446705262, 9447713433.

കാര്യവട്ടം കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോ ഇൻഫർമാറ്റിക്സ് പഠനവകുപ്പിൽ എം.എസ്സി കമ്പ്യൂട്ടേഷണൽ ബയോളജി പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 19 രാവിലെ 11 മണിക്കകം അസ്സൽ രേഖകളുമായി വകുപ്പിൽ ഹാജരാകണം. ഫോൺ. 9020216730, 0471-3216730.

കാര്യവട്ടം ലിംഗ്വിസ്റ്റിക്സ് പഠനവകുപ്പിൽ എം.എ ലിംഗ്വസ്റ്റിക്സ് കോഴ്സിന് (2016-18 അഡ്മിഷൻ) പൊതു/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 22-നകം വകുപ്പുമായി ബന്ധപ്പെടുക. ഫോൺ. 0471-2308469.

കാര്യവട്ടം ഇസ്ലാമിക് സ്റ്റഡീസ് പഠനവകുപ്പിൽ എം.എ ഇസ്ലാമിക് ഹിസ്റ്ററി കോഴ്സിന് (2016-18) പട്ടികജാതി വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. യോഗ്യത: എതെങ്കിലും വിഷയത്തിൽ ബിരുദം. ഇസ്ലാമിക ചരിത്ര വിദ്യാർത്ഥികൾക്ക് മുൻഗണന. താൽപര്യമുള്ളവർ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 22 രാവിലെ 11 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2308115.

കാര്യവട്ടം അറബിക് പഠനവകുപ്പിൽ എം.എ അറബിക് (സി.എസ്.എസ് - 2016 അഡ്മിഷൻ) കോഴ്സിന് എസ്.സി(മൂന്ന്), എസ്.ടി(രണ്ട്) സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ആഗസ്റ്റ് 19-ന് വകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2308846.

കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (2016-18) കോഴ്സിന് എസ്.സി/എസ്.ടി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പുമായി ആഗസ്റ്റ് 23 രാവിലെ 11 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം.

കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ എ.ഐ.സി.ടി.ഇ അംഗീകൃത എം.ടെക് കമ്പ്യൂട്ടർ സയൻസ് (2016-18) കോഴ്സിന് എസ്.സി/എസ്.ടി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പുമായി ആഗസ്റ്റ് 25 രാവിലെ 11 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം.

കാര്യവട്ടം ഡെമോഗ്രഫി പഠനവകുപ്പിൽ എം.എസ്സി ഡെമോഗ്രഫി(ഒന്ന്), ആക്ച്യൂറിയൽ സയൻസ് (രണ്ട്) കോഴ്സുകൾക്ക് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ രണ്ട് സീറ്റുവീതം ഒഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 22 വൈകുന്നേരം നാല് മണിക്കകം വകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2308057, 9446415618.

## എം.ഫിൽ കോമേഴ്സ് ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ കോമേഴ്സ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സമ്പർക്കക്ലാസുകൾ ഇല്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം വർഷ ബി.എ/ബി.കോം/ബി.എസ്സി സമ്പർക്കക്ലാസുകൾ ആഗസ്റ്റ് 20-ന് കാര്യവട്ടം കാമ്പസിൽ ഇല്ല. മറ്റ് കേന്ദ്രങ്ങളിലെ ക്ലാസുകൾക്ക് മാറ്റമില്ല.

## ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തിയ രണ്ടാം വർഷ എം.എ അറബിക് (2014-16 ബാച്ച്) ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു.

പരാതിയുള്ളവർ ആഗസ്റ്റ് 26-നകം കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുക. ഫോൺ. 0471-2386126, 2300137.

**എം.എ ഫിലോസഫി വൈവ**

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ എം.എ ഫിലോസഫി (റഗുലർ & റീഅപ്പിയറൻസ്) പരീക്ഷയുടെ വൈവ ആഗസ്റ്റ് 30 രാവിലെ 11 മണിമുതൽ കാര്യവട്ടം ഫിലോസഫി പഠനവകുപ്പിൽ നടത്തും. ടൈംടെബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**ബി.എ.എം.എസ് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം**

കേരള സർവകലാശാല ആഗസ്റ്റ് 22-ന് തുടങ്ങുന്ന മൂന്നാം വർഷ ബി.എ.എം.എസ് പരീക്ഷയ്ക്ക് തിരുവനന്തപുരം ആയുർവേദ കോളേജ് മാത്രമാണ് പരീക്ഷാകേന്ദ്രം. പുത്തൂർ എസ്.എൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് & റിസർച്ച്, പന്തളം മന്നം ആയുർവേദിക് കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജ്, കാട്ടാക്കട പങ്കജകസ്തൂരി ആയുർവേദ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ അതത് കേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം ആയുർവേദ കോളേജിൽ പരീക്ഷയെഴുതണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
18.08.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in